# ബാഹ്യ ഇടപെടലുകൾ അനിവാര്യമാക്കുന്ന നീതിനിഷേധം

ലേഖനം

ശൈഖ് മുഹമ്മദ് കാരകുന്ന്

**അടികിട്ടിയാൽ** മാത്രം അനുസരണവും അച്ചടക്കവും കാണിക്കുന്ന വികൃതിക്കുട്ടിയെപ്പോലെയാണോ ഇന്ത്യൻ മുസ്‌ലിംകൾ? മുസ്‌ലിം സമൂഹത്തെ നേർവഴിയിൽ നയിക്കാൻ പുറത്തുനിന്നുള്ള ഇടപെടൽ വേണ്ടിവരുന്നു എന്നത് ഒട്ടും ആശാസ്യമോ അഭിമാനാർഹമോ അല്ല. ഷാബാനു കേസിൽ സുപ്രീംകോടതി വിധി ഏറെ വിമർശനം ക്ഷണിച്ചുവരുത്തിയെങ്കിലും, അതുണ്ടാക്കിയ സദ്ഫലം കാണാതിരുന്നുകൂടാ. അതിനു മുമ്പ് വിവാഹമോചിതർക്ക് പാരിതോഷികമോ നഷ്ടപരിഹാരമോ (മതാഅ്) നൽകുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നില്ല. ഇനി ഉണ്ടെങ്കിൽ തന്നെ അതൊട്ടും വ്യാപകമോ സാർവത്രികമോ ആയിരുന്നില്ല. കോടതിവിധി ഉയർത്തിയ വിവാദങ്ങൾക്കൊടുവിൽ നിലവിൽവന്ന മുസ്‌ലിം വനിതാ സംരക്ഷണബില്ലാണ് മതാഅ് നടപ്പാകാൻ നിമിത്തമായത്. അഥവാ ഖുർആന്റെ വ്യക്തമായ നിർദേശം നടപ്പാകാൻ കോടതിയുടെ ഇടപെടൽ വേണ്ടിവന്നു. ഒരുമിച്ചു ജീവിച്ച ദമ്പതികൾ വേർപിരിയുമ്പോഴെന്ന പോലെ സ്ത്രീ-പുരുഷ ബന്ധം നടക്കുന്നതിന് മുമ്പ് വിവാഹമോചനം സംഭവിക്കുകയാണെങ്കിലും മതാഅ് നൽകണമെന്ന ഖുർആനിക നിർദേശവും (2:236) തീർത്തും അവഗണിക്കപ്പെടുകയായിരുന്നു.

ഇപ്പോൾ ഇതോർക്കാൻ കാരണം, ഒക്ടോബർ 22ന് കേരള ഹൈക്കോടതിയുടെ ഒരു വിധിയിലെ പരാമർശങ്ങളും തുടർന്ന് നടന്നുകൊണ്ടിരിക്കുന്ന വിവാദങ്ങളുമാണ്. ജസ്റ്റിസുമാരായ കുര്യൻ ജോസഫും ഹാറൂൺ റഷീദും ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് മതതത്ത്വങ്ങൾക്കോ സാമൂഹികനീതിക്കോ നിരക്കാത്ത വിവാഹമോചനവും ബഹുഭാര്യാത്വവും നിയന്ത്രിക്കാൻ പ്രാദേശിക തലത്തിലും ദേശീയതലത്തിലും സമിതികൾ രൂപീകരിക്കണമെന്നും അതിനായി നിയമനിർമാണം ആവശ്യമാണെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. അതിനനുകൂലവും പ്രതികൂലവുമായ അഭിപ്രായ പ്രകടനങ്ങൾക്ക് ഇനിയും അറുതിയായിട്ടില്ല.

ഏതായാലും ഇക്കാര്യത്തിൽ മുസ്‌ലിം സമൂഹം ഖുർആനിക നിർദേശങ്ങൾ തീരേ പരിഗണിക്കുന്നില്ല എന്നത് സത്യമാണ്. കോടതികളുടെയും ഭരണകൂടങ്ങളുടെയും അടിക്കടിയുള്ള ഇടപെടലുകൾ ഉണ്ടാവുന്നതും അതുകൊണ്ടുതന്നെ. വിവാഹമോചനം ചെയ്യുമ്പോൾ ഖുർആൻ മുന്നോട്ടുവെച്ച ഈ നിർദേശങ്ങൾ പൂർണമായും പാലിക്കുന്ന ആരെങ്കിലും നമ്മുടെ നാട്ടിലുണ്ടോ?

1. ദമ്പതികൾക്കിടയിൽ അകൽച്ചയുണ്ടായാൽ അനുരഞ്ജനത്തിന് ശ്രമിക്കണമെന്ന് ഖുർആൻ അനുശാസിക്കുന്നു: "ദമ്പതികൾക്കിടയിൽ ഭിന്നിപ്പുണ്ടാകുമെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ അവന്റെ ആൾക്കാരിൽനിന്ന് ഒരു മധ്യസ്ഥനെ നിയോ

**വിവാഹമോചനവേളയിൽ സ്ത്രീ ഏതവസ്ഥയിലാണെന്ന് ആരെങ്കിലും അന്വേഷിക്കാറുണ്ടോ? വിവാഹമോചനം ഉഭയകക്ഷി സമ്മതത്തോടെയാവണമെന്നതാണ് ഇസ്‌ലാമിക നിർദേശങ്ങളുടെ ചൈതന്യം; മഹാഭൂരിപക്ഷവും നടക്കാറുള്ളത് ഏകപക്ഷീയമായും. അതുകൊണ്ടുതന്നെ വിവാഹമോചനം നടത്താവുന്ന സന്ദർഭമാണോ എന്ന് ഏറെ പേരും നോക്കാറേയില്ല.**

ഗിക്കുക; അവളുടെ ആൾക്കാരിൽനിന്നൊരാളെയും. ഇരുവരും അനുരഞ്ജനമാണ് ആഗ്രഹിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്. അല്ലാഹു എല്ലാം അറിയുന്നവനും സൂക്ഷ്മജ്ഞനുമല്ലോ" (4:35).

ഇത്തരമൊരനുരഞ്ജനം ഇന്ന് ഒട്ടും സാർവത്രികമല്ല. അതിനുള്ള സംവിധാനങ്ങൾ പ്രാദേശിക തലങ്ങളിലോ മഹല്ല് അടിസ്ഥാനത്തിലോ പലയിടങ്ങളിലും നിലവിലില്ല.

2. അനുരഞ്ജനം വിജയിക്കുന്നില്ലെങ്കിൽ ഒരു വിവാഹമോചനമാണ് നടക്കേണ്ടത്. അത് ലൈംഗികബന്ധം നടത്തിയിട്ടില്ലാത്ത ശുദ്ധിവേളയിലായിരിക്കുകയും വേണം (65:1).

എന്നാൽ വിവാഹമോചനവേളയിൽ സ്ത്രീ ഏതവസ്ഥയിലാണെന്ന് ആരെങ്കിലും അന്വേഷിക്കാറുണ്ടോ? വിവാഹമോചനം ഉഭയകക്ഷി സമ്മതത്തോടെയാവണമെന്നതാണ് ഇസ്ലാമിക നിർദേശങ്ങളുടെ ചൈതന്യം; മഹാഭൂരിപക്ഷവും നടക്കാറുള്ളത് ഏകപക്ഷീയമായും. അതുകൊണ്ടുതന്നെ വിവാഹമോചനം നടത്താവുന്ന സന്ദർഭമാണോ എന്ന് ഏറെ പേരും നോക്കാറേയില്ല.

3. വിവാഹമോചിത ദീക്ഷാകാലം (ഇദ്ദാവേള) ഏകദേശം മൂന്നു മാസം ഭർതൃവീട്ടിലാണ് താമസിക്കേണ്ടത്. "നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അവരുടെ ഇദ്ദാ വേളയിൽ വിവാഹമോചനം നടത്തുക. ഇദ്ദാകാലം നിങ്ങൾ കൃത്യമായി കണക്കാക്കുക. നിങ്ങളുടെ നാഥനായ അല്ലാഹുവെ സൂക്ഷിക്കുക. ഇദ്ദാവേളകളിൽ അവരെ അവരുടെ വീടുകളിൽനിന്ന് പുറംതള്ളരുത്; അവർ സ്വയം ഇറങ്ങിപ്പോവുകയുമരുത്, അവർ വ്യക്തമായ ദുർവൃത്തിയിൽ ഏർപ്പെട്ടാലല്ലാതെ. അല്ലാഹുവിന്റെ നിയമപരിധികളാണിവ. അല്ലാഹുവിന്റെ പരിധികൾ ലംഘിക്കുന്നവർ തന്നോടുതന്നെയാണ് അതിക്രമം ചെയ്യുന്നത്" (65:1).

"നിങ്ങളുടെ കഴിവിനൊത്തവിധം ഇദ്ദാവേളയിൽ അവരെ നിങ്ങൾ താമസിക്കുന്നിടത്തുതന്നെ താമസിപ്പിക്കുക. അവർക്ക് മനോവിഷമമുണ്ടാക്കുംവിധം നിങ്ങളവരെ പ്രയാസപ്പെടുത്തരുത്. അവർ ഗർഭിണികളാണെങ്കിൽ പ്രസവിക്കുന്നതുവരെ നിങ്ങളവർക്ക് ചെലവിനു നൽകുക" (65:6).

വിവാഹമോചിതരെ ഭർതൃഭവനത്തിൽ താമസിപ്പിക്കണമെന്ന ഖുർആനിക നിർദേശം നമ്മുടെ നാട്ടിൽ ഒട്ടും പാലിക്കപ്പെടാറില്ല. വിവാഹമോചനം ഉഭയകക്ഷി കൂടിയാലോചനയിലൂടെയും സമ്മതത്തോടെയുമാവാത്തതാണ് അതിന് കാരണം.

4. ഇദ്ദാകാലം കഴിയുന്നതോടെ ദാമ്പത്യം മാന്യമായി പുനഃസ്ഥാപിക്കുകയോ നല്ല നിലയിൽ വേർപിരിയുകയോ

**ഖുർആൻ പഠിപ്പിക്കുന്ന മൂന്നു ത്വലാഖ് എന്താണെന്നും എങ്ങനെയാണെന്നും മഹാഭൂരിപക്ഷം പേർക്കും അറിഞ്ഞുകൂടാ. ഭർത്താവ് മൂന്ന് 'ത്വലാഖ് ഒന്നിച്ചു ചൊല്ലി' എന്നു പറയലാണ് അതെന്ന് മുസ്‌ലിംകളും അല്ലാത്തവരും ഒരുപോലെ ധരിച്ചിരിക്കുന്നു.**

വേണം. അതിന് നീതിമാന്മാരായ രണ്ട് സാക്ഷികളുണ്ടാവണം. "അവരുടെ ഇദ്ദാകാലാവധി എത്തിയാൽ നല്ലനിലയിൽ അവരെ കൂടെ നിർത്തുക. അല്ലെങ്കിൽ മാന്യമായ നിലയിൽ അവരുമായി വേർപിരിയുക. നിങ്ങളിൽ നീതിമാന്മാരായ രണ്ടു പേരെ അതിനു സാക്ഷികളാക്കുക."

നമ്മുടെ നാട്ടിൽ വിവാഹമോചനവേളയിലോ അതിനു മുമ്പോ ഭാര്യയെ അവളുടെ വീട്ടിലേക്ക് പിരിച്ചയക്കാറാണ് പതിവ്. അതിന് സാക്ഷികളെ ഏർപ്പെടുത്താറുമില്ല. വിവാഹത്തിന് സാക്ഷികൾ നിർബന്ധമായും ഉണ്ടാവാറുണ്ടെങ്കിലും, വിവാഹമോചനവേളയിൽ ആരും ഖുർആനിക ശാസന മാനിക്കാറില്ല. സാക്ഷികളെ ഏർപ്പെടുത്തുന്നവർ തന്നെ വിവാഹമോചന വേളയിലല്ലാതെ ഇദ്ദക്കുശേഷം വേർപിരിയുന്ന വേളയിലല്ല അങ്ങനെ ചെയ്യാറുള്ളത്. വേർപിരിയാൻ ഇദ്ദവരെ കാത്തിരിക്കുന്ന സമ്പ്രദായംതന്നെ നിലവിലില്ലല്ലോ.

5. കുട്ടികളുണ്ടെങ്കിൽ മുലകുടി കാലത്ത് സ്ത്രീക്ക് ചെലവിനു നൽകേണ്ട ബാധ്യതയും പിതാവിനാണ്. ഖുർആൻ പറയുന്നു: "അവർ നിങ്ങൾക്കായി കുഞ്ഞുങ്ങളെ മുലയൂട്ടുന്നുവെങ്കിൽ അവർക്ക് അതിനുള്ള പ്രതിഫലവും നൽകുക. അക്കാര്യം നിങ്ങൾ നല്ല നിലയിൽ കൂടിയാലോചിച്ച് തീരുമാനിക്കുക. എന്നാൽ നിങ്ങൾക്കിരുവർക്കും അത് പ്രയാസകരമാവുകയാണെങ്കിൽ അയാൾക്ക് വേണ്ടി മറ്റൊരുവൾ മുലയൂട്ടട്ടെ. സമ്പന്നർ തന്റെ കഴിവനുസരിച്ചു ചെലവു ചെയ്യണം. തന്റെ ഉപജീവനത്തിന് ഇടുക്കമനുഭവിക്കുന്നവർ അല്ലാഹു അവനു നൽകിയതിൽനിന്ന് ചെലവ് നൽകട്ടെ. അല്ലാഹു ആരെയും അവർക്കേകിയ കഴിവിൽ കവിഞ്ഞതിന് നിർബന്ധിക്കുന്നില്ല" (65:6,7).

കുട്ടിയുടെ മുലകുടിക്കാലത്ത് വിവാഹമോചിതയായ ഭാര്യക്ക് ചെലവിന് നൽകുന്ന സമ്പ്രദായം നിലവിലില്ല. എന്നാൽ മുസ്‌ലിം വനിതാ സംരക്ഷണ നിയമമനുസരിച്ച് വിധിക്കുന്ന സംഖ്യ അതുകൂടി ഉൾപ്പെടുത്തിയാണെന്ന് വാദിക്കാം. അപ്പോൾ ആ ബില്ല് നിയമമാകുന്നതിനു മുമ്പോ? അക്കാലത്ത് വിവാഹമോചിതക്ക്, കുഞ്ഞിന് മുലകൊടുക്കുന്നതിന്റെ പേരിൽ ആരും ഭക്ഷണമോ വസ്ത്രമോ നൽകിയിരുന്നില്ല.

6. ഖുർആൻ പഠിപ്പിക്കുന്ന മൂന്നു ത്വലാഖ് എന്താണെന്നും എങ്ങനെയാണെന്നും മഹാഭൂരിപക്ഷം പേർക്കും അറിഞ്ഞുകൂടാ. ഭർത്താവ് മൂന്ന് 'ത്വലാഖ് ഒന്നിച്ചു ചൊല്ലി' എന്നു പറയലാണ് അതെന്ന് മുസ്‌ലിംകളും അല്ലാത്തവരും ഒരുപോലെ ധരിച്ചിരിക്കുന്നു. അത് 'സുബ്ഹാനല്ലാഹു' എന്ന് 33 തവണ ചൊല്ലുന്നതിനു പകരം 'സുബ്ഹാനല്ലാഹു മുപ്പത്തിമൂന്നു വട്ടം' എന്നു പറയുന്നതുപോലെ നിരർഥകവും തീർത്തും ഖുർആനിക വിരുദ്ധവുമാണ്.

അനുരഞ്ജന ശ്രമം പരാജയപ്പെട്ടാൽ വിവാഹമോചനം ചെയ്ത് ഇണയെ പുരുഷൻ ഇദ്ദാകാലത്ത് തന്നോടൊപ്പം താമസിപ്പിക്കണം. ശാരീരികബന്ധം പാടില്ല. ശാരീരികബന്ധം സംഭവിച്ചാൽ വിവാഹബന്ധം പുനഃസ്ഥാപിക്കപ്പെടും. ഇദ്ദകാലത്ത് മടക്കിയെടുത്താലും ബന്ധം നിലവിൽവരും. അഥവാ ഇദ്ദകാലത്ത് ഒരേ വീട്ടിൽ താമസിച്ചിട്ടും യോജിപ്പുണ്ടാവുന്നില്ലെങ്കിൽ ഒരു വിവാഹമോചനം സംഭവിക്കും. വിവാഹമോചന വാചകം ഉരുവിടുന്നതോടെയല്ല; ഇദ്ദ കാലം കഴിഞ്ഞ് സാക്ഷികളുടെ സാന്നിധ്യത്തിൽ പിരിച്ചയക്കുന്നതോടെയാണ് ഫലത്തിൽ ത്വലാഖ് സംഭവിക്കുക. രണ്ടാമതും വിവാഹം കഴിച്ച് ഈ എല്ലാ ഘട്ടങ്ങളും പൂർത്തീകരിച്ച് പിരിച്ചയച്ചാലും മൂന്നാമതും വിവാഹം കഴിക്കാം. മൂന്നാമതും വിവാഹം ചെയ്ത ശേഷം അല്ലെങ്കിൽ ഇദ്ദാവേളയിൽ തിരിച്ചെടുത്ത ശേഷം വിവാഹമോചനം ചെയ്യുമ്പോഴാണ് മൂന്ന് ത്വ

ലാഖ് ആവുക. ഈ എല്ലാ ഘട്ടങ്ങളിലും വിവാഹമോചനത്തിനു മുമ്പുള്ള എല്ലാ വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിച്ചിരിക്കണം. ഖുർആൻ പഠിപ്പിച്ച 'മുത്ത്വലാഖ്' നമ്മുടെ സമൂഹത്തിൽ സംഭവിക്കുന്നേയില്ല എന്നർഥം.

സമുദായ നേതൃത്വവും മതപണ്ഡിതന്മാരും ഇത്തരം അനിസ്‌ലാമിക രീതികളോട് നിസ്സംഗമായ സമീപനമാണ് സ്വീകരിക്കുന്നത്. ഖുർആനിക നിർദേശം ലംഘിച്ച് വിവാഹമോചനത്തെ കുട്ടിക്കളിയാക്കി മാറ്റുന്നതിൽ അവർ അപാകത കാണുന്നില്ല. അതേസമയം, തെറ്റായ ഇത്തരം നടപടികൾ അവസാനിപ്പിക്കണമെന്ന് അകത്തുനിന്നോ പുറത്തുനിന്നോ ആരെങ്കിലും ആവശ്യപ്പെട്ടാൽ ബഹളംവെച്ച് അവർ ആളെ കൂട്ടുകയും ചെയ്യുന്നു.

വിവാഹമോചനത്തെപ്പോലെ ഖുർആനിക നിർദേശങ്ങൾ അപ്പടി അട്ടിമറിക്കപ്പെട്ട മറ്റേതെങ്കിലും മേഖലയുണ്ടോ എന്നു സംശയമാണ്. പൊതുസമൂഹത്തിന്റെ കടുത്ത വിമർശനങ്ങളും കോടതികളുടെയും ഭരണകൂടങ്ങളുടെയും ഇടക്കിടെയുള്ള ഇടപെടലുകളും ഉണ്ടാവാനുള്ള കാരണവും അതുതന്നെ.

ബഹുഭാര്യാത്വത്തിന്റെ അവസ്ഥയും ഏറെയൊന്നും ഭിന്നമല്ല. ഖുർആൻ മുന്നോട്ടുവെച്ച നീതി പാലിക്കുന്നവർ ഈ രംഗത്തും വളരെ വിരളമാണ്. ബഹുഭാര്യാത്വത്തിൽ ദീക്ഷിക്കപ്പെടേണ്ട സ്ത്രീകളുടെ സുരക്ഷയോ സാമൂഹികനീതിയോ പരിഗണിക്കപ്പെടുകയോ പാലിക്കപ്പെടുകയോ ചെയ്യുന്നുമില്ല.

കുടുംബജീവിതവുമായി ബന്ധപ്പെട്ട ഇത്തരം പ്രശ്നങ്ങളിൽ ഖുർആനിന് വിരുദ്ധമായ നിലപാട് തിരുത്താനും സ്ത്രീകളോടുള്ള അനീതിക്ക് അറുതിവരുത്താനും മുസ്‌ലിം സമൂഹവും മതനേതൃത്വവും സന്നദ്ധമാവുകയും മുൻകൈയെടുക്കുകയും ചെയ്യുന്നില്ലെങ്കിൽ പുറത്തുനിന്നുള്ള നിരന്തര വിമർശനങ്ങളും ഇടപെടലുകളും ഉണ്ടായിക്കൊണ്ടേയിരിക്കും. അതിനാൽ ഇസ്‌ലാമിന്റെ കുറ്റമറ്റ നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താനാവശ്യമായ വ്യവസ്ഥകളും നിബന്ധനകളും സമർപ്പിക്കാനും അവക്ക് നിയമസാധുത നേടിയെടുക്കാനും മതപണ്ഡിതന്മാരും സമുദായ നേതൃത്വവും മുന്നോട്ടുവരേണ്ടിയിരിക്കുന്നു. ■